ഡി1/2302/2023/കേവക തീയതി:16/01/2024

## ജാഗ്രതാ സമിതി അവാർഡിന് അപേക്ഷിക്കാം

ജാഗ്രതാ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2022-2023 സാമ്പത്തികവർഷം ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച്ച വെച്ച 4 ജാഗ്രതാ സമിതികൾക്ക് (ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്) പ്രോത്സാഹന മെന്ന നിലയിൽ കേരള വനിതാ കമ്മിഷൻ അവാർഡ് നൽകുന്നു. അവാർഡ് നിർണ്ണയ മാനദണ്ഡങ്ങളടങ്ങിയ പ്രൊഫോർമയും നിർദ്ദേശങ്ങളും കേരള വനിതാ കമ്മിഷന്റെ വെബ് സൈറ്റിൽ ലഭ്യമാണ് (keralawomenscommission.gov.in). ഗ്രാമപഞ്ചായത്തു കളും മുനിസിപ്പാലിറ്റികളും അതത് സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയ പൂരിപ്പിച്ച പ്രൊഫോർമകൾ അതത് ജില്ലാ പഞ്ചായത്തുകൾക്ക് 2024 ജനുവരി 25-നകം സമർപ്പിക്കേ ണ്ടതാണ്. ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ഒരു ഗ്രാമ പഞ്ചായത്തിന്റെയും ഒരു മുനിസി പ്പാലിറ്റിയുടെയും പൂരിപ്പിച്ച പ്രൊഫോർമ അതത് ജില്ലാ പഞ്ചായത്തു സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തി ആമുഖ കത്ത് സഹിതം 2024 ജനുവരി 31-നകം കേരള വനിതാ കമ്മി ഷൻ, പട്ടം പാലസ് പി ഒ, തിരുവനന്തപുരം -695 004 എന്ന മേൽവിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്. കൂടാതെ, 14 ജില്ലാ പഞ്ചായത്തുകളും 6 കോർപ്പറേഷനുകളും പൂരിപ്പിച്ച പ്രൊഫോർമകൾ സെക്രട്ടറിയുടെ സാക്ഷ്യപത്രം സഹിതം 2024 ജനുവരി 31-നകം നേരിട്ടോ തപാൽ മുഖേനയോ കേരള വനിതാ കമ്മിഷ നിൽ സമർപ്പിക്കേണ്ടതാണ്. പ്രശസ്തി പത്രവും അൻപതിനായിരം രൂപ സമ്മാനത്തു കയും അടങ്ങുന്നതാണ് അവാർഡ്.

SONIA WASHINGTON
PEN NO: 101423
MEMBER SECRETARY
KERALA WOMENS COMMISSION

Contact No:- 9495726856, 8921885818